**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4628** **19-03-2025 - ൽ മറുപടിയ്ക്ക്**

**വാമനപുരം മണ്ഡലത്തിൽ കൃഷിനാശം സംഭവിച്ചവർക്കുള്ള നഷ്ടപരിഹാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാരിന്റെ കാലത്ത് വാമനപുരം മണ്ഡലത്തിൽ വന്യമൃഗ ആക്രമണം മൂലം കൃഷിനാശം സംഭവിച്ചവർക്ക് നാളിതുവരെ നൽകിയ നഷ്ടപരിഹാര തുകയുടെയും എത്രപേർക്കാണ് നഷ്ടപരിഹാരം നൽകിയിട്ടുള്ളത് എന്നതും സംബന്ധിച്ച വിവരങ്ങൾ പഞ്ചായത്തടിസ്ഥാനത്തിൽ ലഭ്യമാക്കുമോ; | (എ) | ഈ സർക്കാരിന്റെ കാലത്ത് വാമനപുരം മണ്ഡലത്തിൽ മനുഷ്യ-വന്യമൃഗ സംഘർഷം മൂലം കൃഷിനാശം സംഭവിച്ചവർക്ക് നാളിതുവരെ നൽകിയിട്ടുള്ള നഷ്ടപരിഹാരം സംബന്ധിച്ച വിവരം പഞ്ചായത്ത് അടിസ്ഥാനത്തിൽ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പ്രസ്തുത മണ്ഡലത്തിലെ ഓരോ പഞ്ചായത്തിലും തീർപ്പാക്കാനുള്ള അപേക്ഷകളുടെ എണ്ണവും അവയുടെ നിലവിലെ സ്ഥിതിയും അറിയിക്കുമോ; | (ബി) | വാമനപുരം മണ്ഡലത്തിലെ പാലോട് ഫോറസ്റ്റ് റെയിഞ്ച് പരിധിയിൽ വന്യജീവി ആക്രമണം മൂലമുള്ള കൃഷിനാശത്തിന്റെ നഷ്ടപരിഹാരത്തിനായി ലഭിച്ച അപേക്ഷകളിൽ പാങ്ങോട് ഗ്രാമ പഞ്ചായത്തിൽ 6 എണ്ണവും വാമനപുരം ഗ്രാമപഞ്ചായത്തിൽ 3 എണ്ണവും പെരിങ്ങമ്മല ഗ്രാമപഞ്ചായത്തിൽ 7 എണ്ണവും തീർപ്പാക്കാനുണ്ട്.<br><br>2025-ൽ ലഭ്യമായ അപേക്ഷകളിൽ ഫീൽഡ് പരിശോധന നടന്നു വരുന്നു. പൂർത്തിയാകുന്ന മുറയ്ക്ക് നഷ്ടപരിഹാര തുക വിതരണം ചെയ്യുവാൻ സാധിക്കും. |
| (സി) | ഏതെല്ലാം പ്രധാന വിളകൾക്കാണ് നഷ്ടപരിഹാരം നൽകുന്നതെന്നും നഷ്ടപരിഹാര തുക വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോയെന്നും വിശദമാക്കുമോ? | (സി) | നെല്ല്, തെങ്ങ്, വാഴ, റബ്ബർ, കമുക്, കശുമാവ്, കൊക്കോ, കാപ്പി, കുരുമുളക്, ഇഞ്ചി, മഞ്ഞൾ, കപ്പ/ മരച്ചീനി, കപ്പലണ്ടി//കടല, എള്ള്, പച്ചക്കറികൾ, ജാതി, ഗ്രാമ്പൂ, ഏലം, വെറ്റില, ധാന്യങ്ങൾ, കിഴങ്ങ് വിളകൾ, കരിമ്പ്, കൈതച്ചക്ക, തീറ്റപ്പുല്ല്, മൾബറി, പുകയില, പരുത്തി എന്നീ കൃഷി;/വിളകൾക്കാണ് മനുഷ്യ വന്യമൃഗ സംഘർഷം മൂലമുണ്ടാകുന്ന കൃഷിനാശത്തിന് നഷ്ടപരിഹാരം നൽകുന്നത്. നഷ്ടപരിഹാരത്തുകയിൽ കാലാനുസൃതമായി വർദ്ധനവ് വരുത്തുന്നത് സംബന്ധിച്ച പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം I

| പഞ്ചായത്ത് | വർഷം | കൃഷിനാശം സംഭവിച്ച അപേക്ഷയുടെ എണ്ണം | അനുവദിച്ച തുക (രൂപ) |
|---|---|---|---|
| പെരിങ്ങമ്മല | 2021 | 66 | 82486 |
| | 2022 | 47 | 44635 |
| | 2023 | 72 | 111566 |
| | 2024 | 13 | 321106 |
| | 2025 | 7 | 0 |
| നന്ദിയോട് | 2021 | 11 | 21707 |
| | 2022 | 12 | 22318 |
| | 2023 | 1 | 4132 |
| | 2024 | 0 | 0 |
| | 2025 | 0 | 0 |
| ആനാട് | 2021 | 0 | 0 |
| | 2022 | 7 | 17854 |
| | 2023 | 1 | 4132 |
| | 2024 | 0 | 0 |
| | 2025 | 0 | 0 |
| പാങ്ങോട് | 2021 | 8 | 17366 |
| | 2022 | 5 | 13391 |
| | 2023 | 2 | 8264 |
| | 2024 | 0 | 0 |
| | 2025 | 6 | 0 |
| നെല്ലനാട് | 2021 | 0 | 0 |
| | 2022 | 3 | 8927 |
| | 2023 | 0 | 0 |
| | 2024 | 0 | 0 |
| | 2025 | 0 | 0 |
| പനവൂർ | 2021 | 0 | 0 |
| | 2022 | 2 | 4464 |
| | 2023 | 0 | 0 |
| | 2024 | 0 | 0 |
| | 2025 | 0 | 0 |
| കല്ലറ | 2021 | 0 | 0 |
| | 2022 | 3 | 8927 |
| | 2023 | 1 | 4132 |
| | 2024 | 0 | 0 |
| | 2025 | 0 | 0 |
| വാമനപുരം | 2021 | 8 | 10853 |
| | 2022 | 8 | 17854 |
| | 2023 | 10 | 8264 |
| | 2024 | 0 | 0 |
| | 2025 | 3 | 0 |
| പുല്ലമ്പാറ | 2021 | 0 | 0 |
| | 2022 | 1 | 4464 |
| | 2023 | 1 | 4132 |
| | 2024 | 0 | 0 |
| | 2025 | 0 | 0 |